(iv) പ്രബോധനത്തിന്റെ ലക്ഷ്യം

പ്രബോധനത്തിന്റെ ലക്ഷ്യങ്ങളെ മൂന്നായി തിരിക്കാം:

1. ഇസ്‌ലാമിക സമൂഹത്തിന്റെ സംസ്ഥാപനം: പ്രവാചകന്മാർ തികച്ചും അനിസ്‌ലാമികമായ സമൂഹങ്ങളിലാണ് പ്രബോധനം നിർവഹിച്ചിരുന്നത്. അതിലൂടെ, ഇസ്‌ലാമിനെ ജീവിതത്തിൽ പ്രതിനിധീകരിക്കുന്ന വിശ്വാസികളുടെ ഒരു പുതിയ സമൂഹത്തെ അവർ കെട്ടിപ്പടുത്തു.

2. നിലവിലുള്ള മുസ്‌ലിം സമൂഹത്തിന്റെ വ്യതിയാനങ്ങൾ തിരുത്തി അവരെ ഇസ്‌ലാമിന്റെ ശരിയായ പാതയിലേക്ക് കൊണ്ടുവരിക. അഥവാ, തിന്മകളെ വിപാടനം ചെയ്യുകയും നന്മയെ പുനഃസ്ഥാപിക്കുകയും ചെയ്യുക.

3. നിലവിൽ വന്നുകഴിഞ്ഞ ഇസ്‌ലാമിക സമൂഹത്തിന്റെ നൈരന്തര്യം ഉറപ്പുവരുത്തുക. അതിന് ഗ്ലാനി സംഭവിക്കാതിരിക്കാനും അതിന്റെ മാറ്റ് കുറയാതിരിക്കാനും ഉപദേശ നിർദേശങ്ങളിലൂടെയും ബോധവൽക്കരണത്തിലൂടെയും ശ്രമിച്ചുകൊണ്ടിരിക്കുക.